പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2489 | 14.6.2019 -ൽ മറുപടിയ്ക്ക്

## വിദേശത്തുനിന്നുള്ള വിനോദസഞ്ചാരികൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | 2017, 2018 വർഷങ്ങളിലും, 2019 ൽ നാളിതുവരെയും മറ്റ് രാജ്യങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തിയ വിനോദസഞ്ചാരികളുടെ കണക്ക് ലഭ്യമാക്കുമോ; | എ) | 2019 മാർച്ച് മാസം വരെയുള്ള കണക്കുകളാണ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. ഇത് പ്രകാരം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 422469 -ഉം 2018-ൽ 1096407-ഉം 2017-ൽ 1091870-ഉം ആണ്. |
| ബി) | ഇതിൽ ഓരോ വർഷങ്ങളിലും മുൻവർഷങ്ങളിൽ നിന്നും നേരിയ കുറവ് ഉള്ളതായി കണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | എണ്ണത്തിൽ കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | സഞ്ചാരികൾക്ക് സുരക്ഷയും വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഭൗതികസാഹചര്യങ്ങളും വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | സി) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസം സെന്ററുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം |

| | | | |
|---|---|---|---|
| | | | പോലീസുകാരായി സേവനം ഉറപ്പാക്കിയിട്ടുണ്ട്. വിനോദസഞ്ചാരമേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.<br>പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിനും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും, പുത്തൻ സഞ്ചാരാനുഭവങ്ങൾ നൽകുന്നതിനുമായി ടി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ടൂറിസം വകുപ്പ് നിരവധി പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, കഫറ്റേറിയ, ഭിന്നശേഷിക്കാർക്കായി പ്രത്യേക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനങ്ങൾ, ലൈറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസ സൗകര്യം, ശുചീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ,സാഹസിക വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, ബോട്ടിംഗ് സൗകര്യങ്ങൾ, ആശയവിനിമയത്തിനായി ആധുനിക സംവിധാനങ്ങൾ എന്നിവയ്ക്കായി വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ടൂറിസം രംഗത്ത് പുത്തൻ കാൽവെയ്പ്പിനായി സജ്ജമാക്കുന്നതിനും എല്ലാ മേഖലയിലും സമഗ്രമായ മാറ്റത്തിനുമായി പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം രംഗം കൂടുതൽ സജീവമാക്കുകയും കേരള ടൂറിസത്തെ കൂടുതൽ ആകർഷകമാക്കാൻ കഴിയുകയും ചെയ്യും എന്ന് വകുപ്പ് കരുതുന്നു. |
| ഡി) | 2018-19 വർഷത്തിൽ ബജറ്റ് വിഹിതം എത്രയായിരുന്നു; ഇതിൽ എത്ര തുക ചെലവാക്കി;അഡീഷണൽ ഓതറൈസേഷൻ വഴി എത്ര തുക ലഭിച്ചു; എത്ര തുക ചെലവാക്കി; | ഡി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ഇ) | 2018 വർഷത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ കീഴിൽ ഉള്ള സ്ഥാപനങ്ങൾക്കുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങി; വിനോദസഞ്ചാരവകുപ്പിന്റെ കീഴിലുള്ള കെ.ടി.ഡി.സി തുടങ്ങിയ ഇതര സ്ഥാപനങ്ങൾക്കുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങി; വിശദമായ വിവരം ലഭ്യമാക്കുമോ? | ഇ) | 2018 വർഷത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റിലേക്കോ ഡയറക്ടറുടെ കീഴിലുള്ള ഇതര സ്ഥാപനങ്ങളിലേക്കോ വാഹനങ്ങളൊന്നും വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ശീർഷകം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | അഡീഷണൽ ആയി ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2011 (N/P) | 25,37,000 | 25,37,000 | 5,00,000 | 4,99,602 |
| 2 | 2013 (N/P) | 6,61,76,000 | 5,05,06,725 | 4,30,000 | 3,99,959 |
| 3 | 3452 (N/P) | 63,65,18,000 | 43,99,15,851 | 1,68,47,000 | 1,49,94,380 |
| 4 | 5452 (N/P) | 4,00,01,000 | 80,01,000 | 30,10,000 | 30,09,708 |
| **ആകെ** | | **74,52,32,000** | **50,09,60,576** | **2,07,87,000** | **1,89,03,649** |

സെക്ഷൻ ഓഫീസർ